# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**


നം: **DHS/26762/2024-EV2** തീയതി: **26-06-2026**

## അനുബന്ധം എച്ച്.4

## നോട്ടീസ്

ശ്രീമതി. ജിഷ.കെ, ഒപ്റ്റോമെട്രിസ്റ്റ് **PEN: 628970,** താലൂക്ക് ആശുപത്രി, പൂടംകല്ല്, കാസർഗോഡ്- എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ **1960**-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണ പത്രിക സഹിതമുള്ള കുറ്റാരോപണ മെമ്മോ **04/12/2024** തീയതിയിലെ **DHS/26762/2024-EV2** ഫയൽ നമ്പറായി താങ്കളുടെ ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല. ആ ചാർജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ "**Addressee left India**" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ വകുപ്പ് തിരികെ നൽകി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ **15** ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിന് അനുസൃതമായി തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുൻപ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് കൈപ്പറ്റാവുന്നതാണ്.

Digitally signed by
Meenakshy V
Date: 26-06-2026
12:59:03

DIRECTOR OF HEALTH SERVICES
ഡോ.മീനാക്ഷി.വി
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീമതി. ജിഷ.കെ.
ഒപ്‌റ്റോമെട്രിസ്റ്റ്
താലൂക്ക് ആശുപത്രി, പൂടംകല്ല്, കാസർഗോഡ്
(Smt. Jisha K, Nizam Manzil, Uliyakovil, Kollam Pin.691019)